17944
9/11/16

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നവകേരള ദൗത്യത്തിലെ ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തിക്കൊണ്ട്, മാലിന്യ മുക്ത കേരളം എന്ന ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനുള്ള ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(കൈ) നം.159 /2016/തസ്വഭവ തിരുവനന്തപുരം, തീയതി: 08/11/2016

---

പരാമർശം:- 1. സ.ഉ(പി) നം.41/2016/ആസാവ തീയതി.28.09.2016.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.10.2016 ലെ 2152/സി.1/16/എസ്.എം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് അഞ്ചുവർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബൃഹത്തായ പദ്ധതികൾക്കുള്ള കർമ്മപദ്ധതികൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഈ ബൃഹത് പദ്ധതിയിലെ ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവസംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഹരിതകേരളം ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കേണ്ട ശുചിത്വ മാലിന്യ സംസ്കരണ കർമ്മപരിപാടി സംബന്ധിച്ച് പരാമർശം (2) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കേണ്ട ശുചിത്വ മാലിന്യ

സംസ്കരണ കർമ്മപരിപാടി സംബന്ധിച്ച് താഴെ പറയും പ്രകാരം നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിയുടെ സംസ്ഥാനതല ടാസ്ക് ഫോഴ്സ് സംസ്ഥാന ശുചിത്വ മിഷനിൽ സ്ഥാപിക്കുന്നതിനും, സംസ്ഥാന വ്യാപകമായി കർമ്മ പരിപാടികൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സംസ്ഥാന ശുചിത്വ മിഷനെ ചുമതലപ്പെടുത്തുന്നതും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ശുചിത്വ മാലിന്യ സംസ്കരണ ടാസ്ക് ഫോഴ്സിന്റെ മിഷൻ ചീഫ് എക്സിക്യൂട്ടീവായി അംഗീകരിക്കുന്നതുമാണ്

2) സംസ്ഥാനതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകൾ വരെ എത്തുന്ന തരത്തിൽ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സമ്പൂർണ്ണ മാലിന്യ മുക്ത കേരളം പ്രതിജ്ഞ എടുക്കുന്നതിന് പ്രചരണപരിപാടി സംഘടിപ്പിക്കുന്നതും ഇതിലേയ്ക്കായി സാമൂഹിക സാസ്കാരിക രംഗങ്ങളിലെ പ്രശസ്തരുടെ സേവനം പ്രയോജനപ്പെടുത്തുന്നതും, ശുചിത്വ മാലിന്യ സംസ്കരണ പരിപാടികളിൽ സ്കൂൾ കുട്ടികളോടൊപ്പം സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിച്ച് കൊണ്ട് പ്രചരണ പരിപാടികൾക്ക് തുടക്കം കുറിക്കുന്നതും മാലിന്യ വിവരശേഖരണം നടത്തുന്നതുമാണ്

3) നിലവിലുള്ള ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, ഉത്തരവുകൾ എന്നിവ പരിശോധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് യുക്തമായ ഭേദഗതികൾ വരുത്തുകയും അവ സമയബന്ധിതമായും നിയമപരമായും നടപ്പാക്കുന്നതിന് നടപടികൾ ആരംഭിക്കേണ്ടതുമാണ്

4) സംസ്ഥാനത്ത് ഇതുവരെ പ്രായോഗിക തലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുചിത്വ മാലിന്യ സംസ്കരണ മാതൃകകൾ അതാത് പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ മാറ്റങ്ങൾ വരുത്തി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5) അജൈവ മാലിന്യ സംസ്കരണത്തിന് വേണ്ടി റീ സൈക്ലിങ് പാർക്കുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും സ്ഥല ലഭ്യതയുൾപ്പടെ സാങ്കേതിക ഭൗതീക സഹായം ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പിന് നിർദേശം നൽകുന്നതാണ്

6) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ, കോളനി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ സമ്പൂർണ മാലിന്യ നിർമ്മാർജ്ജന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി പ്രത്യേക പ്രവർത്തനങ്ങളും സഹായങ്ങളും നൽകുന്നതിന് അനുമതി നൽകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ടി.പി വിജയകുമാർ
ഗവ. സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ